ഏകദാ/സത്പ്രസംഗാന്നികൃതമതിർവ്യുദകസ്രോത: സ്ഖലനവത്
ഉഭയതോ/പി ദു:ഖദം പാഖണ്ഡമഭിയാതി (5-14-13)

കഥാരൂപത്തിൽ പറഞ്ഞ കാര്യത്തെ വിശദീകരിക്കാൻ പരീക്ഷത്തു രാജാവ് അഭ്യർത്ഥിച്ചതനുസരിച്ച് ശുകമുനി ഇങ്ങിനെ തുടർന്നു: ഇന്ദ്രിയാനുഭവങ്ങൾ കൊണ്ടു നിറഞ്ഞലോകം, മായാബന്ധനത്താൽ മനുഷ്യൻ അലഞ്ഞുനടക്കുന്ന വനപാത തന്നെയാണ്. കച്ചവടക്കാർ സ്വത്തുണ്ടാക്കാനായി പലേ വ്യാപാരങ്ങളി ലേർപ്പെടുന്നതുപോലെ മനുഷ്യൻ പലേവിധ കർമ്മങ്ങളിൽ വ്യാപൃതനായിരിക്കുന്നു. കടന്നുപോകുന്ന വഴികളിൽ പലേ പ്രശ്നങ്ങളും തടസ്സങ്ങളും ഉണ്ടായിട്ടുപോലും ശരിയായ പാതയേതെന്ന് തിരിച്ചറിയുവാൻ അവനു കഴിയുന്നില്ല. വഴിയിൽ വെച്ച് ഇന്ദ്രിയങ്ങൾ അവൻെറ വിവേകത്തെ അപഹരിച്ച് കടന്നുകളയുന്നു. ഇന്ദ്രിയങ്ങളത്രേ കാട്ടുകൊള്ളക്കാർ. ധർമ്മാധിഷ്ഠിതമായതുമാത്രമേ സ്വത്ത് എന്ന് പറയാനാവൂ. ഈ ധർമ്മമാകട്ടെ ഭഗവദ്ഭക്തിയിൽ അധിഷ്ഠിതവുമാണ്. അത്തരം ധർമ്മം മാത്രമേ ഇഹലോകത്തിൽ സന്തുഷ്ടിയുളവാക്കുന്നുള്ളൂ. എങ്കിലും ലൗകീകതയിൽ മുങ്ങിയ മനുഷ്യർ ധർമ്മത്തിനെതിരായ പാതയിലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്നു. പഞ്ചേന്ദ്രിയങ്ങളാണവരെ അങ്ങോട്ട് നയിക്കുന്നത്.

ലൗകീകജീവിതമെന്ന വനത്തിൽ, സ്വന്തം ഭാര്യയും കുട്ടികളും പോലും ഒരുവൻെറ സ്വത്ത് അപഹരിച്ചെടുക്കുന്നു. മതപരമായ ചടങ്ങുകളും യാഗങ്ങളും പോലും അവന് നിതാന്തമായ ശാന്തതയും സന്തോഷവും നൽകുന്നില്ല. തിന്മയുടെ പൂച്ചെടികൾ അവൻെറ ജീവിതപാതയിൽ വീണ്ടും വീണ്ടും വളർന്നു വരുന്നു. എത്ര ഉഴുതുമറിച്ചിട്ടും നശിക്കാത്ത കളകൾ പോലെ ശക്തമാണവ. വേരുകൾ അപ്പാടെ നശിപ്പിച്ചെങ്കിൽ മാത്രമേ കളകളുടെ വളർച്ച തടയുവാനാവൂ. മരുഭൂമിയിലെ മരുപ്പച്ച തേടിയുള്ള പ്രയാണം പോലെ അജ്ഞാനിയായ മനുഷ്യൻ ഇന്ദ്രിയസുഖത്തിനു പിന്നാലെ പരക്കം പായുന്നു. എല്ലാ തിന്മകളുടേയും അടിസ്ഥാനമായ സ്വർണ്ണത്തിനു വേണ്ടി അവൻ മത്തുപിടിച്ചലയുന്നു. ഗൃഹം, സ്വത്ത് എന്നിങ്ങിനെയുള്ള ക്ഷണപ്രഭാചഞ്ചലവും അശാശ്വതങ്ങളുമായ വസ്തുക്കളുമായുള്ള മമത മൂലം അന്ധമായി അവയ്ക്കു വേണ്ടി അലഞ്ഞുനടന്ന് വിലപിടിപ്പേറിയ മനുഷ്യജന്മം പാഴാക്കുന്നു. സർവ്വസാക്ഷിയായ ജഗദീശ്വരൻെറ ദൃഷ്ടി എങ്ങുമുണ്ടെന്ന സത്യം മറന്നുകൊണ്ട് അവൻ സ്ത്രീക്കു പിറകേ കാമാതുരനായും അലയുന്നു.

വല്ലപ്പോഴുമൊക്കെ ഈ ഇന്ദ്രിയസുഖഭോഗങ്ങളുടെ ക്ഷണികതയെപ്പറ്റി അവന് ഉൾക്കാഴ്ച്ചയുണ്ടാവുന്നു. എന്നാൽ പെട്ടെന്നു തന്നെ സുഖഭോഗങ്ങളുടെ പ്രേരണ അവനെ ആ ചിന്തകളിൽനിന്നു പിൻവലിക്കുന്നു. പോയ ജന്മങ്ങളിലാർജ്ജിച്ച പുണ്യഫലമായി ഈ സുഖമെല്ലാം തീർന്നു കഴിയുമ്പോൾ ഈശ്വരനേയും ധർമ്മത്തേയും അഭയം പ്രാപിക്കുന്നതിനു പകരം അവൻ മറ്റു മനുഷ്യരേയാണ് അഭയം പ്രാപിക്കുന്നത്. അവൻ ചിലപ്പോൾ നാസ്തികരുടെ കൂടെ ചേർന്ന് നികൃഷ്ടരായ അവരാൽ നയിക്കപ്പെട്ട് മോഹിതനായി ഇഹലോകത്തും പരലോകത്തും പറയാൻ പോലും വയ്യാത്തത്ര ദുരിതങ്ങൾ അനുഭവിക്കാനിടയാവുന്നു.

അവൻ തൻെറ സ്വത്തിനോട് അമിതമായ മമതയോടെയിരിക്കുന്നു. അത് നഷ്ടപ്പെടുമ്പോൾ സ്വന്തം മാതാപിതാക്കളുടേയൊ കുട്ടികളുടേയോ പോലും സ്വത്ത് അപഹരിക്കാൻ അവന് മടിയില്ലാതാവുന്നു. സമൃദ്ധിയെല്ലാം പോയി നശിച്ച വീട് അവന് കത്തിനശിച്ച കാടുപോലെയാവുന്നു. മാത്രമല്ലാ, രാജാവിന് നികുതിയും കൊടുത്ത് തൻെറ സ്വത്തെല്ലാം നഷ്ടപ്രായമാവുമ്പോൾ അവൻ 'ചത്തതിനൊക്കുമേ ജീവച്ചിരിക്കിലും' എന്ന മട്ടിലുമിരിക്കുന്നു.